പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1606 13/06/2014-ൽ മറുപടിയ്ക്ക്

"പുതുതായി അനുവദിച്ച പ്രൈമറി ഹെൽത്ത് സെന്ററിന് സൗകര്യപ്രദമായ കെട്ടിടം"

| ചോദ്യം<br>ശ്രീ. പി.റ്റി.എ.റഹീം | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ പെരുവയൽ പഞ്ചായത്തിൽ പുതുതായി അനുവദിച്ച പ്രൈമറി ഹെൽത്ത് സെന്ററിന് സൗകര്യപ്രദമായ കെട്ടിടങ്ങൾ പഞ്ചായത്തിന്റെ കൈവശം ഉണ്ടായിട്ടും ആയത് പട്ടികജാതി വ്യവസായ സംരംഭകർക്ക് നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടിയുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിർദ്ദേശ പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഹിയറിംഗ് നടത്തിയിട്ടുണ്ടോ ; | (ബി) | ബഹു.ഹൈക്കോടതിയുടെ 26.02.2014 ലെ ഡബ്ല്യൂ.പി.(സി)നം.5657/2014 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 24.05.2014 -ാം തീയതി ഹിയറിംഗ് നടത്തിയിട്ടുണ്ട്. |
| (സി) | എന്തു തീരുമാനമാണ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത് എന്നറിയിക്കാമോ ? | | പെരുവയൽ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച പ്രൈമറി ഹെൽത്ത് സെന്റർ നിലവിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതാ വ്യവസായ കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി കെട്ടിടം സ്ഥിതി ചെയ്യുന്നത് വയൽ പ്രദേശത്തായതിനാൽ മഴക്കാലത്ത് കെട്ടിടത്തിനു ചുറ്റും വെള്ളം കെട്ടി നിൽക്കുന്നതിന് സാധ്യതയുള്ളതിനാൽ താൽക്കാലികമായി പ്രവർത്തിക്കുന്ന ടി |

| | | | |
|---|---|---|---|
| | | | കെട്ടിടത്തിൽ നിന്നും ഒരു സ്ഥിര സംവിധാനത്തിലേക്ക് പ്രൈമറി ഹെൽത്ത് സെന്റർ എത്രയും പെട്ടെന്ന് മാറ്റി സ്ഥാപിക്കുന്നത് ഗ്രാമവാസികൾക്ക് കൂടുതൽ സൗകര്യപ്രദമാണെന്ന് കണ്ടതിനാൽ ടി വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി കമ്മിറ്റി തീരുമാനത്തിന് വിധേയമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി 27.05.2014 ൽ പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ